# പതിമൂന്നാം കേരള നിയമസഭ
# എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730      20.03.2013 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിൽ ജനസമ്പർക്കപരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. കെ. വിജയൻ<br>,, ചിറ്റയം ഗോപകുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ ജനസമ്പർക്ക പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ജനസമ്പർക്ക പരിപാടിയിലൂടെ ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (എ) യും (ബി) യും ഉണ്ട്. ജില്ലാതല അദാലത്തുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നം.738/2013/ആ.കു.വ (തീയതി 5.3.2013) പ്രകാരം ആരോഗ്യ വകുപ്പിലെ ആശുപത്രികളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ അതാത് വകുപ്പുകളിലെ / സ്ഥാപനങ്ങളിലെ ജില്ലാ മെഡിക്കൽ ഓഫീസർ / പ്രിൻസിപ്പാൾ/ മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർക്ക് കൈമാറേണ്ടതും മേൽ ഉദ്യോഗസ്ഥർ പരാതി പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ഇങ്ങനെ തീർപ്പാക്കാൻ കഴിയാത്ത പരാതികൾ ജില്ലാ അദാലത്തിൽ സമർപ്പിക്കുന്നതാണ്. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ അദാലത്തുകളിൽ വിവിധ ചികിൽസാ വകുപ്പു തലവന്മാരും അതാത് ജില്ലാ കളക്ടർമാരും പങ്കെടുക്കുന്നതാണ്. പ്രസ്തുത ജില്ലാ അദാലത്തുകളിൽ തീർപ്പാക്കാൻ കഴിയാത്തതും സർക്കാർ തലത്തിൽ പരിഗണിക്കപ്പെടേണ്ടതുമായ പരാതികൾ ഉണ്ടെങ്കിൽ ആയത് സർക്കാർ തലത്തിൽ പരിശോധിക്കുന്നതും ആയത് സംബന്ധിച്ച പുരോഗതി വിവരം ബന്ധപ്പെട്ടവരെ തപാൽമാർഗ്ഗമോ, എസ്.എം.എസ് മുഖേനയോ അറിയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ